"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്ക് പാലക്കയം വില്ലേജിൽ തച്ചമ്പാറ പഞ്ചായത്തിൽ ഉൾപ്പെട്ട ലോവർ വട്ടപ്പാറ (2.5MW) ജലവൈദ്യുത പദ്ധതി പാലക്കാട് സ്മാൾ ഹൈഡ്രോ കമ്പനി മുഖേന പദ്ധതി പ്രാവർത്തികമാക്കുന്നതിന് പാലക്കാട് ജില്ല പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2701/2025/LSGD തീയതി,തിരുവനന്തപുരം, 06-11-2025

---

പരാമർശം:-

1. 28/05/2022 ലെ സഉ(കൈ) നം.115/2022/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ്
2. 2/2/2024 ലെ സ.ഉ(കൈ) നം.1/2024/Power സർക്കാർ ഉത്തരവ്
3. 06/02/2024 തീയതിയിലെ പാലക്കാട് ജില്ല പഞ്ചായത്ത് ഭരണ സമിതി 2(1) നമ്പർ തീരുമാനം
4. പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 08.02.2024 ലെ പി2-1264/23 നമ്പർ കത്ത്
5. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 26.04.2025 ലെ LSGD/PD/28694/2024-DPLA1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2012 ലെ ചെറുകിട ജലവൈദ്യുതനയത്തിലെ വ്യവസ്ഥകൾ പ്രകാരം പാലക്കാട് ജില്ലയിലെ പാലക്കയം വില്ലേജിലെ ലോവർ വട്ടപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതി (2.5MW) **<u>അനുബന്ധമായി</u>** ചേർത്തിരിക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാ പഞ്ചായത്തിന് അനുവദിച്ച്പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിരുന്നു

2) പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതിയ്ക്കായി പാലക്കാട് ജില്ലാ പഞ്ചായത്ത് പരാമർശം (3) പ്രകാരം ഭരണസമിതി തീരുമാനം കൈക്കൊള്ളുകയും ചെയ്യുകയുണ്ടായി. പ്രസ്തുത തീരുമാനപ്രകാരം സർക്കാരിന്റെ നോഡൽ ഏജൻസിയായ എനർജി മാനേജ്മെന്റ് സെന്റർ തയ്യാറാക്കി നൽകിയ ഡി.പി.ആർ. പ്രകാരം ലോവർ വട്ടപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ മൊത്തം അടങ്കൽ 28.7 കോടി രൂപ ആണെന്നും ആയതിന്റെ 50 ശതമാനം തുക ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് ഷെയറും ബാക്കി 50 ശതമാനം തുക നബാർഡ് RIDF ലോണും മുഖേനയാണ് ടി പദ്ധതി പ്രാവർത്തികമാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നതെന്നും, ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി

പാലക്കാട് ജില്ലാ പഞ്ചായത്തിന് കീഴിലുള്ള പാലക്കാട് സ്മാൾ ഹൈഡ്രോ കമ്പനി ലിമിറ്റഡിന് ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളുടെ ഷെയർ Debt/Equity-റേഷ്യോ ഏകദേശം 50 : 50 പ്രകാരം നൽകി പദ്ധതി നടപ്പിലാക്കാനും ലാഭവിഹിതം ഡിവിഡന്റായി പഞ്ചായത്തുകൾക്ക് നൽകാനുമാണ് ഉദ്ദേശിക്കുന്നതെന്നും, ഇതിലൂടെ പഞ്ചായത്തുകൾക്ക് തനത് വരുമാനം വർദ്ധിപ്പിക്കുവാനും സ്വന്തം നിലയിൽ പദ്ധതി നിർവഹണം നടത്തുവാനും സാധ്യമാകുമെന്നും , Debt/Equity-റേഷ്യോ ഏകദേശം 50 : 50 പ്രകാരം ജില്ലാ പഞ്ചായത്തിന് കീഴിലുള്ള പാലക്കാട് സ്മാൾ ഹൈഡ്രോ കമ്പനിയിലേയ്ക്ക് ജില്ലയിലെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഷെയർ എടുക്കുന്നതിനും ആയതിലേയ്ക്ക് പദ്ധതി വിഹിതം രണ്ടു സാമ്പത്തിക വർഷങ്ങളിലായി **(2024-2025, 2025-2026**) ഓരോ ഗ്രാമ പഞ്ചായത്തും 10 ലക്ഷം രൂപ (5 ലക്ഷം രൂപ വീതം), ഓരോ ബ്ലോക്ക് പഞ്ചായത്തും 20 ലക്ഷം രൂപ (10 ലക്ഷം രൂപ വീതം), ജില്ലാ പഞ്ചായത്ത് 10 കോടി രൂപ (5 കോടി രൂപ വീതം) നൽകുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാക്കണമെന്നും തീരുമാനം കൈക്കൊണ്ടിരുന്നു.

3) പാലക്കാട് ജില്ല പഞ്ചായത്തിന്റെ പരാമർശം (3) ലെ തീരുമാനത്തിൻമേൽ സർക്കാർ അനുമതി ലഭ്യമാക്കുന്നതിനായി പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം സർക്കാരിൽ ശിപാർശ ചെയ്യുകയുണ്ടായി. പ്രസ്തുത പദ്ധതി കർശന ഉപാധികളോടെ **പാലക്കാട് സ്മാൾ ഹൈഡ്രോ കമ്പനി മുഖേന പദ്ധതി** പ്രാവർത്തികമാക്കാൻ അനുമതി നൽകാവുന്നതാണെന്ന് തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറും പരാമർശം (5) പ്രകാരം ശിപാർശ ചെയ്തു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പരാമർശം (1) പ്രകാരമുള്ള മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുള്ളതിനാലും, വട്ടപ്പാറ ജല വൈദ്യുതി പദ്ധതി പാലക്കാട് ജില്ലാ പഞ്ചായത്തിന് അനുവദിച്ച പരാമർശം (2) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും, പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ പരാമർശം (3) ലെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (5) പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിലും **അനുബന്ധമായി** ചേർത്തിരിക്കുന്ന നിബന്ധനകൾക്കു വിധേയമായി പാലക്കാട് ജില്ലയിലെ പാലക്കയം വില്ലേജിലെ ലോവർ വട്ടപ്പാറ (2.5MW) ചെറുകിട ജലവൈദ്യുത പദ്ധതി പാലക്കാട് സ്മാൾ ഹൈഡ്രോ കമ്പനി മുഖേന പദ്ധതി പ്രാവർത്തികമാക്കുന്നതിന് പാലക്കാട് ജില്ലാ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

2) സെക്രട്ടറി, പാലക്കാട് ജില്ലാ പഞ്ചായത്ത്

3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം

4) ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.

5) ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ വിങ്,ഐ & പി ആർ ഡി

6) കരുതൽ ഫയൽ (ഡി.ബി2/118/2024/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 06-11-2025 18:22:15

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

1. സാങ്കേതിക ആവശ്യകതകൾ നിറവേറ്റൽ, സുരക്ഷ, ഗുണനിലവാര നിയന്ത്രണം, പദ്ധതി നടത്തിപ്പിന്റെ നിരീക്ഷണം എന്നിവ ഉൾപ്പെടെ പദ്ധതി നടത്തിപ്പിന്റെ മുഴുവൻ ഉത്തരവാദിത്വവും പാലക്കാട് ജില്ലാ പഞ്ചായത്തിനായിരിക്കുന്നതാണ്.
2. 2.5 മെഗാവാട്ട് എസ്എച്ച്പി അനുവദിക്കുമ്പോൾ പാലക്കാട് ജില്ലാ പഞ്ചായത്ത് മെഗാവാട്ടിന് 15 ലക്ഷം (പതിനഞ്ച് ലക്ഷം രൂപ മാത്രം) നിരക്കിൽ മൊത്തം 37,50,000/- (മുപ്പത്തിയേഴ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപ നിശ്ചിത മുൻകൂർ പ്രീമിയം ഇഎംസിയിലെ വൈദ്യുതി വകുപ്പിന്റെ എസ്എച്ച്പി സെല്ലിലേക്ക് ഒടുക്കേണ്ടതാണ്.
3. പാലക്കാട് ജില്ലാ പഞ്ചായത്ത് പദ്ധതി നടപ്പാക്കൽ ആരംഭിക്കുന്നതിന് മുമ്പ്, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ എല്ലാ അനുമതികളും സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും നേടേണ്ടതാണ്.
4. പദ്ധതി നടത്തിപ്പിന്റെ സ്ഥിതിയെക്കുറിച്ചുള്ള ത്രൈമാസ റിപ്പോർട്ടുകൾ പാലക്കാട് ജില്ലാ പഞ്ചായത്ത് ഇഎംസിയിലെ എസ്എച്ച്പി സെല്ലിന് നൽകേണ്ടതാണ്.
5. പഞ്ചായത്ത് KSEBL-മായി ചേർന്ന് ഏറ്റവും അടുത്തുള്ളതും പ്രായോഗികവുമായ കെഎസ്ഇബിഎൽ ഗ്രിഡിൽ power evacuation cost അപ്ഡേറ്റ് ചെയ്യേണ്ടതാണ്.
6. ആവശ്യമായ വിവിധ ലൈസൻസുകൾ, ക്ലിയറൻസുകൾ സാക്ഷ്യപത്രങ്ങൾ എന്നിവ വേഗത്തിൽ ലഭ്യമാകുന്നതിന് യോഗ്യമായ നിക്ഷേപ വ്യവസ്ഥകൾക്കനുസൃതമായി ആയതിന്റെ പ്രത്യേക വ്യവസ്ഥകൾ പ്രയോജനപ്പെടുത്തി കെ.എസ്.ഐ.ഡി.സിയുടെ ഏകജാലക/ജില്ലയുടെ ഏകജാലക സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്.
7. പാലക്കാട് ജില്ലാ പഞ്ചായത്തിന് വായ്പ ലഭ്യമാക്കുന്നതിലേക്കായി വൈദ്യുതി വാങ്ങുന്നത് അനുകൂലിച്ചുകൊണ്ട് /നിരസിച്ചുകൊണ്ട് ഒരു കത്ത് അപേക്ഷിച്ച് 30 ദിവസത്തിനുള്ളിൽ കെ.സ്.ഇ.ബി. എൽ നൽകേണ്ടതാണ്. അപേക്ഷിച്ച തീയതി മുതൽ 30 ദിവസത്തിനകം പ്രസ്തുത കത്ത് നിക്ഷേപകന് ലഭിച്ചില്ലെങ്കിൽ വൈദ്യുതി ഏറ്റെടുക്കാൻ കെ.എസ്.ഇ.ബി.എൽ തയ്യാറല്ല എന്ന് കണക്കാക്കേണ്ടതാണ്. അപേക്ഷിച്ച തീയതി മുതൽ 30 ദിവസത്തിനകം പാലക്കാട് ജില്ലാ പഞ്ചായത്തിന് ആശ്വാസ കത്ത് ലഭിച്ചില്ലെങ്കിൽ, അത് വൈദ്യുതി വാങ്ങാൻ കെ.എസ്.ഇ.ബി.എൽ നിരസിച്ചതായി കണക്കാക്കും. നിരസിക്കുന്ന സമയത്ത് നിലവിലെ സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് നൽകുന്ന നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ കെ.എസ്.ഇ.ബി.എൽ വൈദ്യുതി വാങ്ങുന്നില്ല എന്ന വ്യവസ്ഥയിൽ നിക്ഷേപകനിൽ നിന്ന് വൈദ്യുതി വാങ്ങുന്നത് കെ.എസ്.ഇ.ബി.എൽ-ന് നിരസിക്കാം.

-----------------------------------------------